PTGD/2126/20222-E8

I/51951/2023

**ഭരണഭാഷ-മാതൃഭാഷ**

## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

## (ഹാജർ. ഷിബു. എ. റ്റി)

തിരുവനന്തപുരം

നമ്പർ. PTGD/2126/2022-ഇ 8 തീയതി. 10. 10. 2023

വിഷയം :- അച്ചടി വകുപ്പ് - ജീവനക്കാര്യം - അച്ചടി വകുപ്പ് കൺട്രോളർ ഓഫ് ഫോംസ് തസ്തികയിലേയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റ നിയമനം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. 24.11.1995 ലെ സ. ഉ(അച്ചടി) നം. 29/1995/ഉ.ഭ.പ (റൂൾസ്) നമ്പർ ഉത്തരവ്
2. 22.11.1994 ലെ സ. ഉ (കൈ) നം. 170/1994/ഉ.വി.വ നമ്പർ ഉത്തരവ്
3. അച്ചടി വകുപ്പ് ഡയറക്ടറുടെ 28.04.2023 ലെ PTGD/1052/2023-ഇ 8 നമ്പർ ഉത്തരവ്.
4. സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 116/2023/എസ്. പി.ഡി തീയതി. 10.10.2023

## ഉത്തരവ്

അച്ചടി വകുപ്പിലെ കൺട്രോളർ ഓഫ് ഫോസ് കെ. ഉണ്ണികൃഷ്ണൻ 30.04.2023-ന് സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവിലേയ്ക്ക് പരാമർശം (4) ലെ സർക്കാർ ഉത്തരവ് പ്രകാരം കൺട്രോളർ ഓഫ് ഫോംസ് തസ്തികയുടെ ഫീഡർ തസ്തികയായി അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തിക ഉൾപ്പടുത്തി കൊണ്ട് കേരള ജനറൽ സർവ്വീസ് റൂൾസ് ഭേദഗതി വരുത്തുന്നതിനുള്ള നടപടി ക്രമങ്ങൾക്ക് കാലതാമസം നേരിടുന്ന സാഹചര്യത്തിലും കൺട്രോളർ ഓഫ് ഫോംസ് തസ്തിക നികത്തേണ്ട അടിയന്തിര സാഹചര്യം വകുപ്പിൽ നിലനിൽക്കുന്നു എന്നതിനാലും അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/ അക്കൗണ്ട്സ് ഓഫീസർ തസ്തികയിലെ ഏറ്റവും സീനിയറായ ജീവനക്കാരനായ ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ.എസ്.മുരളീധരന് KS & SSR Rule 9 (a) (i) പ്രകാരം കൺട്രോളർ ഓഫ് ഫോസ് തസ്സതികയിലേയ്ക്ക് 77200 - 140500 (റിവൈസ്ഡ്) രൂപ ശമ്പള സ്കെയിലിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകി നിയമിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ.എസ്.മുരളീധരന് സ്ഥാനക്കയറ്റം ലഭിക്കുന്നതിനാൽ തന്മൂലം ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധിക ചുമതല

I/51951/2023

PTGD/2126/20222-E8

സർക്കാർ അംഗീകാരത്തിന് വിധേയമായി പാലക്കാട് ജില്ലാ ഫോംസ് സ്റ്റോറിലെ ജില്ലാ ഫോംസ് ഓഫീസർ ശ്രീമതി. റീറ്റാ വർഗ്ഗീസിന് നൽകി ഉത്തരവാകുന്നു.

പരാമർശം (3) ഉത്തരവ് പ്രകാരം കൺട്രോളർ ഓഫ് ഫോംസ് തസ്തികയുടെ പൂർണ്ണ അധിക ചുമതല വഹിക്കുന്ന തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ. ബി. ഹരികുമാറിൽ നിന്നും കൺട്രോളർ ഓഫ് ഫോംസ് തസ്തികയുടെ ചുമതല ശ്രീ.എസ്.മുരളീധരൻ എത്രയും അടിയന്തിരമായി ഏറ്റെടുക്കേണ്ടതാണ്.

ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധിക ചുമതല ശ്രീ.എസ്.മുരളീധരനിൽ നിന്നും പാലക്കാട് ജില്ലാ ഫോംസ് സ്റ്റോറിലെ ജില്ലാ ഫോംസ് ഓഫീസർ ശ്രീമതി. റീറ്റാ വർഗ്ഗീസ് എത്രയും അടിയന്തിരമായി ഏറ്റെടുക്കേണ്ടതാണ്.

ഒപ്പ്/-,
അച്ചടി വകുപ്പ് ഡയറക്ടർ.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് .
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, പ്രിന്റിംഗ് & സ്റ്റേഷനറി, സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്,
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി,തിരുവനന്തപുരം.
ഡെപ്യൂട്ടി സൂപ്രണ്ട്, ഗവ. പ്രസ്സ്, ഷൊർണ്ണൂർ/ ജില്ലാ ഫോംസ് ഓഫീസർ, ജില്ലാ ഫോംസ് സ്റ്റോർ, പാലക്കാട്/ഫാറം മേധാവികൾക്ക്.

പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ./ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ./അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ ലാ നോഡൽ ഓഫീസർ/അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്./ ഫിനാൻസ് ഓഫീസർ/ ഫാറം കൺട്രോളർ/അക്കൗണ്ട്സ് ഓഫീസർ./ലേബർ വെൽഫയർ ഓഫീസർ/സീനിയർ സൂപ്രണ്ട്/ ഓഫീസ് മാനേജർ/ പബ്ലിക്കേഷൻ അസിസ്റ്റന്റ്/ സെക്ഷൻ മേധാവികൾക്ക്/എ 5 സീറ്റ്/ഫയൽ/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്.